# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടരിക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 14/1161/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/09/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടരിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 14/1161/2021 തീയ്യതി: 16/09/2021

## മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2019 മുതൽ 12-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യുഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീ. ഉണ്ണി പി | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2021 | 26-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 26-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹമ്മദ് അലി എം, ഓഡിറ്റ് ഓഫീസർ
ശ്രീ റിഷിൽ പി, ഓഡിറ്റ് ഓഫീസർ
ശ്രീ സക്കീർ ഹുസൈൻ പി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ യൂസുഫ് പി,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ ബിജേഷ് എ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈബ മണമ്മൽ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീ അബ്ദുന്നാസർ പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ഹരീഷ്കുമാർ എൻ | സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീമതി വനജ പി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-06-2020 | 05-07-2020 |
| ശ്രീ ഗിരീഷ്കുമാർ ജെ | സെക്രട്ടറി | 06-07-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി - സെക്രട്ടറി, എ.ഇ, കൃഷി ഓഫീസർ | സെക്രട്ടറി | 11-11-2020 | 29-12-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വനജ പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ ഷിജ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ ഉമാ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 15-02-2021 |
| ഡോ ബീന | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-02-2021 | 31-03-2021 |
| ഡോ അബ്ദുള്ള കെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. മുജീബ് റഹ്മാൻ പി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. റോയ് മാത്യു | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി മിനി പി നായർ | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| ശ്രീമതി പ്രീത എം ഡി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സനിത | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ജിഷ പി ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohammed Ali M (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bijesh A S (Auditor, On 26-07-2021)<br>Last Updated By: Bijesh A S (Auditor, On 28-07-2021) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക<br>Written By: Sakeer Hussain.P (Asst. Audit Officer, On 03-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-11 |
| 12 | വസ്തുനികുതി നിർണ്ണയവും, പിരിവും - പൊതു അപാകതകൾ<br>Written By: Bijesh A S (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | 1-12 |
| 13 | വസ്തു നികുതി നിർണ്ണയം - മേഖലകളുടെ തരം തിരിവിൽ വ്യക്തതക്കുറവ്<br>Written By: Bijesh A S (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-12-1 |
| 14 | വസ്തു നികുതിയിനത്തിൽ വലിയ കുടിശ്ശിക<br>Written By: Bijesh A S (Auditor, On 31-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-12-2 |
| 15 | വസ്തു നികുതി - മേൽക്കൂരയുടെ തരത്തിൽ തെറ്റായി ഇളവ് നൽകി<br>Written By: Bijesh A S (Auditor, On 31-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-13 |
| 16 | തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കേണ്ടതാണ്<br>Written By: Bijesh A S (Auditor, On 31-07-2021)<br>Last Updated By: Bijesh A S (Auditor, On 31-07-2021) | 1-14 |
| 17 | മരുന്ന് വാങ്ങൽ പ്രോജക്ട് - മരുന്നുകൾ പൂർണമായി ലഭ്യമായില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 28-07-2021)<br>Last Updated By: Sakeer Hussain.P (Asst. Audit Officer, On 28-07-2021) | 1-15 |
| 18 | ഇൻവോയ്സ് തുകയും നൽകിയ തുകയും പൊരുത്തപെടുന്നില്ല.<br>Written By: Sakeer Hussain.P (Asst. Audit Officer, On 28-07-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-16 |
| 19 | ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിനായി ഒന്നിലേറെ അക്കൗണ്ടുകൾ നിലനിർത്തുന്നു<br>Written By: Bijesh A S (Auditor, On 31-07-2021)<br>Last Updated By: Sakeer Hussain.P (Asst. Audit Officer, On 03-08-2021) | 1-17 |
| 20 | നോവപ്പടി സ്റ്റേഡിയം അഭിവൃദ്ധിപ്പെടുത്തൽ - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 46515 രൂപ<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Rishil.P (Audit Officer, On 04-08-2021) | 1-18 |
| 21 | താണുകുണ്ട് അംഗനവാടി നിർമ്മാണം - കെട്ടിടത്തിന് വൈദ്യുതീകരണം | 1-19 |

| | | |
|---|---|---|
| | നടത്തിയിട്ടില്ല - വൈദ്യുതികരണത്തിന് പ്രൊവിഷൻ വക്കാത്തത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ വീഴ്ച<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | |
| 22 | കാട്ടാട്ടുപാറ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ -അളവ് പുസ്തകപ്രകാരമുള്ള അളവ് ചെയ്തില്ല<br>Written By: Rishil.P (Audit Officer, On 04-08-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | 1-20 |
| 23 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല<br>Written By: Rishil.P (Audit Officer, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | 1-21 |
| 24 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-22 |
| 25 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | 1-23 |
| 26 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Rishil.P (Audit Officer, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | 1-24 |
| 27 | പൊതു മരാമത്ത് പ്രവൃത്തികൾ-രൂപീകരണത്തിലെ അപാകതകൾ<br>Written By: Rishil.P (Audit Officer, On 05-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-25 |
| 28 | പാർപ്പിടം വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തിയാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | നോവപ്പടി സ്റ്റേഡിയം അഭിവൃദ്ധിപ്പെടുത്തൽ - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 46515 രൂപ<br>Written By: Rishil.P (Audit Officer, On 05-08-2021)<br>Last Updated By: Rishil.P (Audit Officer, On 05-08-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 06-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-08-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Rishil.P (Audit Officer, On 09-08-2021) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Yousuf.P (Asst. Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ/തീയതി | പുതുക്കിയ തീരുമാന നമ്പർ/തീയതി |
|---|---|
| 1/1, 23-02-20 | 1/1, 23-02-21 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 03-05-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27060975 |
| വരവ് | 62395834 |
| ആകെ | 89456809 |
| ചെലവ് | 58800573 |
| നീക്കിയിരിപ്പ് | 30656236 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയ |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | - | 10402321 | 10402321 | 8987070 | - |
| വികസനഫണ്ട് (എസ്.സി.പി) | - | 2747745 | 2747745 | 1001795 | - |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | 13072000 | 13072000 | 12011072 | - |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | - | 3825909 | 3825909 | 3143624 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 8018455 | 8018455 | 4894922 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | - | 4520000 | 4520000 | 48626 | |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - |
| സാക്ഷരത | 664 | - | 664 | - | 664 |
| ബി ഫണ്ട് | - | 35955540 | 35955540 | 35955540 | - |
| എൻ.ആർ.ഇ.ജി.എസ് | 96583 | 680497 | 777080 | 774540 | 2540 |
| എസ്.എസ്.എ | 225450 | - | 225450 | - | 225450 |
| ടി.എസ്.സി | 315598 | 401600 | 717198 | 103360 | 613838 |
| ഐ.സി.ഡി.എസ് | 1611725 | 1735314 | 3347039 | 500000 | 284703 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 201 | 63947867 | 142 | 42933746 | - | 59 | 71 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 96583 | 680497 | 777080 | 774540 | 2540 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 5102065 | 5102065 | 5102065 | - |

(കുറിപ്പ് : സ്ഥാപനത്തിലെ NREGA കാഷ് ബുക്ക് പ്രകാരമുള്ള തുകകളാണ് നൽകിയിരിക്കുന്നത്. വാർഷിക ധനകാര്യ പത്രികയിലെ തുകകൾ ഇതുമായി പൊരുത്തപ്പെ

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4440 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 1226000 | 101 |
| വിധവാപെൻഷൻ | 13529600 | 959 |
| വാർദ്ധക്യകാല പെൻഷൻ | 16243300 | 1247 |
| വികലാംഗ പെൻഷൻ | 4561000 | 311 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൻഷൻ | 241200 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2021 ന് 3 മണിക്ക് സ്ഥാപന തലവന്റെ/ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ കാഷ് കളക്ഷനായി ഉണ്ടായിരുന്ന 8017 രൂപയുടെ ആധികാരികത 19.07.21-ലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല

2. കെട്ടിടങ്ങളെ കുറിച്ചുള്ള ആവശ്യപ്പെട്ട ഫയലുകൾ യഥാസമയം സമർപ്പിക്കാൻ സാധിച്ചിട്ടില്ല. ഫയലുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

3. കെട്ടിട നിർമ്മാണം, കെട്ടിട നമ്പറിംഗ് പോലുള്ള പ്രധാന സെക്ഷനുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ അടിയന്തിരമായി പരിഹരിക്കേ

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2021 | 01/21 | 24/02/21 |
| എ.ജി ഓഡിറ്റ് | 02.12.2009 To 15.12.2009 | 2004-05 To 2008-09 | 15.01.2010 |

## 1-11 വാർഷിക ധനകാര്യ പത്രിക

വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് റവന്യൂ ചെലവ് ചെയ്യുപ്പോൾ തത്തുല്യമായ തുക Revenue Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല [MGNREGA, ICDS (Central Share), TSC, SSA].

2. വാർഷിക കണക്കുകളിലെ തുകകളും വസ്തു നികുതി രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

3. ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യവും, ആസ്തി രജിസ്റ്ററിലെ ആസ്തികളുടെ മൂല്യവും പൊരുത്തപ്പെടുന്നില്ല.

4. രജിസ്റ്റർ പ്രകാരം കാലഹരണപ്പെട്ട ഡിപ്പോസിറ്റുകൾ ഉണ്ട്. എന്നാൽ ഇവ [B7] ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

## 1-12 വസ്തുനികുതി നിർണ്ണയവും, പിരിവും - പൊതു അപാകതകൾ

ഗ്രാപപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം, കളക്ഷൻ സംബന്ധിച്ച ഫയലുകളുടെയും, സഞ്ചയ സോഫ്റ്റ്‌വേറിന്റെയും പരിശോധ കൊടുത്തിരിക്കുന്ന അപാകതകൾ ബോധ്യപ്പെട്ടു

## 1-12-1 വസ്തു നികുതി നിർണ്ണയം - മേഖലകളുടെ തരം തിരിവിൽ വ്യക്തതക്കുറവ്

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നീ മൂന്ന് മേഖലകളായി തരം ഗ്രാമപഞ്ചായത്തിലെ 6, 7, 9, 10, 13, 14 എന്നീ വാർഡുകൾ ദേശീയ/സംസ്ഥാന പാതകളുടെ വശങ്ങളിൽ സ്ഥിതി ചെയ്യുന്നത മേഖലകളാണെന്നാണ് സെക്ഷൻ ക്ലാർക്ക് അറിയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ അസ്സസ്മെന്റ് രജിസ്റ്റർ പരിശോധനയിൽ ഇതേ ( കെട്ടിടങ്ങൾ പലതും ദ്വിതീയ മേഖലയിലാണെന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. പ്രഥമ മേഖലയിൽ വരേണ്ട കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾ മൂലം പഞ്ചായത്തിന് വസ്തു നികുതിയിൽ 10% ഇളവ് നൽകേണ്ടിവരികയും അത് വഴി യഥാർത്ഥ നികുതി വരുമാനത്തിൽ നഷ്ടം സ ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ മേഖലകളായി തരം തിരിക്കുന്ന ബൈ-ലോ ഓഡിറ്റിന് ഹാജരാക്കാനായി ഓഡിറ്റ് അന്വേഷണം ന പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും, ഈ സുപ്രധാന രേഖ ഹാജരാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഗ്രാപപഞ്ചായത്തിലെ മേഖലാ ( കൂടുതൽ വ്യക്തത വരുത്തി നികുതി നിർണ്ണയത്തിലെ നഷ്ടം ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12-2 വസ്തു നികുതിയിനത്തിൽ വലിയ കുടിശ്ശിക

2020-21 വർഷത്തിൽ വസ്തു നികുതി പിരിക്കേണ്ടതിൽ വലിയ കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തരം | ഡിമാന്റ് (I&E സ്റ്റേറ്റ്മെന്റ് പ്രകാരം) | തൻവർഷ കുടിശ്ശിക (ബാലൻസ് ഷീറ്റ് പ്രകാരം) | കുടിശ്ശിക ശതമാനം | കളക്ഷൻ ശതമാന |
|---|---|---|---|---|
| പാർപ്പിടം | 16,49,670 | 564000 | 34.2 | 65.8 |
| പാർപ്പിടേതരം | 50,28,714 | 12,83,630 | 25.5 | 74.5 |
| ആകെ | 66,78,384 | 18,47,630 | 27.7 | 72.3 |

മാത്രമല്ല, സഞ്ചയിയലെ തൻവർഷ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം 805 കെട്ടിട നമ്പറുകളിൽ നിന്നും 2020-21 വർഷത്തിൽ നികുതി പിരിച്ചെടുക്കേണ്ടതുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| വാർഡ് | കുടിശ്ശികയുള്ള കെട്ടിട നമ്പറുകളുടെ എണ്ണം | വാർഡ് | കുടിശ്ശികയുള്ള കെട്ടിട നമ്പറുകളുടെ എണ്ണം |
|---|---|---|---|
| 1 | 9 | 9 | 80 |
| 2 | 2 | 10 | 8 |
| 3 | 2 | 11 | 51 |
| 4 | 108 | 12 | - |
| 5 | 32 | 13 | 119 |
| 6 | 71 | 14 | 71 |
| 7 | 182 | 15 | 16 |
| 8 | 53 | 16 | 1 |

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. വസ്തു നിക വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. മറുപടി ലഭിച്ചിട്ടില്ല

## 1-13 വസ്തു നികുതി - മേൽക്കൂരയുടെ തരത്തിൽ തെറ്റായി ഇളവ് നൽകി

4/272J നമ്പറിലുള്ള ഓഡിറ്റോറിയം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 934.82 ആണ്. സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ താഴത്തെ ച.മീറ്ററും, ഒന്നാം നിലക്ക് 373.92 ച. മീറ്ററും തറവിസ്തീർണ്ണമുണ്ട്. താഴത്തെ നിലയുടെയും, ഒന്നാം നിലയുടെയും മേൽക്കൂരകളുടെ തരങ്ങ കോൺക്രീറ്റും, ഷീറ്റുമാണ്.

എന്നാൽ കെട്ടിടത്തിന്റെ താഴത്തെ നിലയുടെയും ഒന്നാം നിലയുടെയും ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ മേൽക്കൂര ഇളവ് നികുതിയുടെ 10%) നൽകിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഒന്നാം നിലക്ക് മാത്രമേ ഷീറ്റ് കൊണ്ടുള്ള മേൽക്കൂരയുള്ളൂ. മാത്രമല്ല, 19 പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 203(9) പ്രകാരം മേൽക്കൂരയുടെ തരം പോലെയുള്ള ഘടകങ്ങൾ കെട്ടിടത്തിന്റെ പക ഭാഗത്തിനുണ്ടെങ്കിൽ, കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിലെ വർദ്ധനവ്/കുറവ് കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ തറവിസ്തീർ പരിഗണിക്കേണ്ടതാണ്. ആ നിലക്ക് മേൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ മേൽക്കൂരയുടെ തരത്തിന്റെ അടിസ്ഥാനത്ത് നൽകേണ്ടതില്ല.

ടി കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയപ്പോൾ മേൽക്കൂരയുടെ തരത്തിന്റെ അടിസ്ഥാനത്തിൽ 10% ഇളവ് നൽകിയതിെ വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 01/22.07.21-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-14 തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽ നികുതി പിരിവ് സംബന്ധിച്ച രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പട്ടികയിൽ കൊ സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തിൽ തൊഴിൽ നികുതി പിരിച്ചതിനെക്കുറിച്ച് വ്യക്തതയില്ല.

| രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം |
|---|---|
| 57 | ബി. എസ്. എൻ. എൽ |
| 60 | പോസ്റ്റ് ഓഫീസ്, പുതുപറമ്പ് |
| 66 | ഗാലക്സി ടൈൽസ് & സാനിറ്ററി |
| 67 | എൻ സി ട്രേഡ് ലിങ്ക്സ് |
| 68 | അയ്യപ്പൻ വൈദ്യരുടെ മർമ്മ ചികിത്സാലയം |
| 69 | ഹാപ്പി ബേക്കറി |
| 70 | ജെ.ജെ സ്റ്റീൽസ് |
| 74 | മെട്രോ ഹോംസ് |
| 77 | ന്യൂ സൂപ്പർ കെമിക്കൽ ഇൻഡസ്ട്രീസ് |
| | |

| | |
|---|---|
| 78 | അലിസാഫ് ഇൻഡസ്ട്രീസ് |
| 79 | ഹാരിസ് ഇൻഡസ്ട്രീസ് |
| 80 | എൻ പി ടി.വി.എസ് |
| 83 | ഹൈ ടെക് പൗഡർ കോട്ടിംഗ് ഇൻഡസ്ട്രീസ് |
| 86 | ഇഹാം ഡിജിറ്റൽ LLP |

മേൽ പട്ടികയിൽ നൽകിയിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തിൽ പ്രവർത്തിച്ചിട്ടിട്ടുണ്ടെങ്കിൽ അവയുടെ തൊഴിൽ നികുതി അടവാക്കൽ വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതു കൂടാതെ ഡി&ഒ രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 34 പഞ്ചായത്തിൽ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ വിവരം കൂടി രേഖപ്പെടുത്തി തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 15/26.07.21-ന് മറുപടി ലഭിച്ചിട്ടില്ല

## 1-15 മരുന്ന് വാങ്ങൽ പ്രോജക്ട് - മരുന്നുകൾ പൂർണമായി ലഭ്യമായില്ല

എടരിക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്ന പി. എച്ച്. സിക്ക് മരുന്ന് വാങ്ങൽ (95/21) ഭാ വാങ്ങുന്നതിന് ബിൽ 12/23.01.2021 പ്രകാരം മൂന്ന് ലക്ഷം രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ബാങ്ക് അ കൈമാറിയിട്ടുണ്ട്. പെർഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മുൻകൂറായിട്ടാണ് തുക പിൻവലിച്ച് കൈമാറുന്നത്.

ഒരു ഇൻവോയ്സിലായി 105666 രൂപയുടെ മരുന്നുകൾ ലഭ്യമായതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. 194334 രൂപയുടെ മരുന്നുകൾ / ഇൻവോ ലഭ്യമാവാനുണ്ട് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ലഭ്യമായ ഇൻവോയ്സ് വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് | തുക |
|---|---|
| 255/21.04.2021 | 105666 |
| ആകെ | 105666 |
| അടവാക്കിയ തുക | 300000 |
| ബാലൻസ് | 194334 |

മരുന്നുകൾ ലഭ്യമായ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. 02/15.07.2021 ഓഡിറ്റ് എൻക്വയറി മുഖേന അപാകത ശ്രദ്ധയിൽ പെടുത്തിയ ലഭ്യമാക്കിയിട്ടില്ല

## 1-16 ഇൻവോയ്സ് തുകയും നൽകിയ തുകയും പൊരുത്തപെടുന്നില്ല.

എടരിക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്ന വൃദ്ധരായ കിടപ്പ് രോഗികൾക്ക് പോഷകാഹാര പ്രോജക്ടിന്റെ ഭാഗമായി ഭക്ഷ്യ വിഭവങ്ങൾ വാങ്ങുന്നതിന് ബിൽ 23/23.03.2021 പ്രകാരം 8482 രൂപ പിൻവലിച്ച് മാവേലി സ്റ്റോർ പുതുപ്പറ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്

1002123/20788/15.03.2021. ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് തുക പിൻവലിച്ച് കൈമാറുന്നത്. എന്നാൽ , ഫയലിൽ ഉൾകൊള്ളിച്ച ഇൻ 6641 രൂപ മാത്രമാണ്. 1841 രൂപയുടെ വ്യത്യസം കാണുന്നു.

ഇതേ ഇൻവോയ്സ് തന്നെയാണ് ബിൽ 22/23.03.2021 ഫയലിലും വെച്ചിട്ടുള്ളത് എന്ന് കാണുന്നു. ഈ ബിൽ പ്രകാരം മാറിയ തുകയും 664 വ്യത്യാസം പരിഹരിക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ 01/15.07.2021 ക്ക് വിശദീകരണം നൽകിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-17 ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിനായി ഒന്നിലേറെ അക്കൗണ്ടുകൾ നിലനിർത്തുന്നു

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി രണ്ട് അക്കൗണ്ടുകൾ നിലനിർത്തുന്നുണ്ട്. SBI E-Payment, Treasury Saving അക്കൗണ്ടുകൾക്ക് പുറമെയാണിത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | അക്കൗണ്ട് നം | ബാങ്ക് |
|---|---|---|
| 1 | 0020050002537 | എടരിക്കോട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| 2 | 61249588332 | എസ്.ബി.ഐ (Sand) |

തനത് ഫണ്ട് ട്രഷറി അക്കൗണ്ടിന് പുറമെ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് സർക്കുലർ നം. 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശിക്കപ്പെട്ടതാണ്. ഇതിന് വിരുദ്ധമായിട്ടാണ് ഗ്രാമപഞ്ചായത്തിന്റെ ഒന്നിലേറെ അക്കൗണ്ടുകളിൽ നിലനിർത്തുന്നതും കൈകാര്യം ചെയ്യുന്നതും.

തനത് ഫണ്ടിനായി ഒന്നിലേറെ അക്കൗണ്ടുകൾ നിലനിർത്തുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അ 13/26.07.21-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-18 നോവപ്പടി സ്റ്റേഡിയം അഭിവൃദ്ധിപ്പെടുത്തൽ - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 46515 രൂപ

പ്രൊജക്ട് നം : 207/20

അടങ്കൽ : 4,90,000

ഫണ്ട് : സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)

ചെലവ് : 3,47,985

ബിൽ നമ്പർ - 34/25.9.20

കരാർ നം : AE/LSGD/EDKD/85/18-19 തീയ്യതി.30.11.18 (Estimate Rate)

എംബുക്ക് നം: 139/17-18

DSOR : 2016 Coi.37.25%

കരാറുകാരൻ : അബ്ദുൽ ലത്തീഫ്.ഒ.ടി

മേൽ പ്രവ്യത്തി അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 23.7.21 ന് നേരിൽ പരിശോധിച്ചു. സ്റ്റേഡിയത്തിന് സമീപത്തുള്ള കുറച്ച് വീടുക തെറിക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ടി സ്റ്റേഡിയത്തിന് ചുറ്റുമുള്ള കുറച്ചു ഭാഗത്ത് പന്ത് പുറത്തേക്ക് പോവുന്നത് തടയുന്നതിന് സ്ക്വയർ പൈപ്പ് ഫ്രെ ഉള്ളിൽ MS റോഡ് ഉപയോഗിച്ച് നെറ്റ് കെട്ടിയിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 9 പ്രകാരം MSസ്ക്വയർ പൈപ്പ് ഉപയോഗിച്ച് ഫ്രെയിം ഉണ്ടാക്കി ഉള്ള ഉപയോഗിച്ച് നെറ്റ് കെട്ടിയതിന് DSR Code 9.48.1 ഇനം പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് (അളവ് പുസ്ത

1812.02 Kg X 143.63/Kg = 260260.43

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയ ഗ്രൗണ്ടിന് ചുറ്റ ഭാഗത്തായി സ്ക്വയർ പൈപ്പ് ഫ്രെയിമിനകത്ത് ഗാർഡ് ബാറാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇതിൽ 6 Mm MS റോഡ് ഉപയോഗിച്ചു പ്രവർത്തികളാണ് നടന്നിട്ടുള്ളത്. കൂടാതെ സ്ക്വയർ പൈപ്പ് ഉപയോഗിച്ച് ഗേറ്റും ഉണ്ടാക്കിയിട്ടുണ്ട്. Grating, Guard Bar, Railing, Gate ( അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . ആയതിനാൽ ഇനം 9 ന് അനുവദിക്കാവുന്ന നിരക്ക് DSR Code 10.25.2 പ്രകാര ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

1812.02 X 117.96/Kg = 213745.87

കരാറുകാരന് അധികം അനുവദിച്ചത് = 46515 ( 260260.43 - 213745.87)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 5 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ( അധികമായി അനുവദിച്ച 46515 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ ന അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 താണകുണ്ട് അംഗനവാടി നിർമ്മാണം - കെട്ടിടത്തിന് വൈദ്യുതീകരണം നടത്തിയിട്ടില്ല - വൈദ്യുതീകരണത്ത പ്രൊവിഷൻ വക്കാത്തത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ വീഴ്ച

പ്രൊജക്ട് നം : 147/20

അടങ്കൽ : 7,00,0000

ഫണ്ട് : തനത് ഫണ്ട്

ചെലവ് : 6,97,758

ചെക്ക് നമ്പർ - 0104825/18.11.20 ( 6,97,758 )

കരാർ നം : AE/LSGD/Edkd/59/ തീയ്യതി.27.2.20

എം ബുക്ക് നം: 63/19-20, 77/19-20

DSOR : 2016 Coi.31.06%

കരാറുകാരൻ : ഭുവനഗിരി.എം

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ താണകുണ്ട് അംഗനവാടി നിർമ്മാണം ( നടപ്പാക്കിയിട്ടുണ്ട്. 7,00,000 രൂപ അടങ്കൽ വച്ച ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഗ്രൗണ്ട് ഫ്ളോറിൽ ക്ലാസ്സ് റൂം, അടുക്കള, ടോയ്ലറ്റ് എന്ന നിന്നും മുകളിലേക്ക് കോണിയും കൊടുത്തിട്ടുണ്ട്. പെയിന്റിംഗ്, ഫ്ളോർ ടൈൽസ് വർക്ക്, വാൾ ടൈൽസ് വർക്ക് പ്ലമ്പിംഗ് എന്നിവക്ക് പ്രെ പ്രവൃത്തി നല്ല രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. 23.7.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഈ കെട്ടിടം സന്ദർശിച്ചു. ധാരാളം കുട്ടികൾ ഇ തന്നെ പഠിക്കാൻ ഉള്ളതായി അംഗനവാടി ടീച്ചർ അറിയിച്ചു. എന്നാൽ 1.5 സെന്റ് സ്ഥലത്ത് മികച്ച രീതിയിൽ കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടെങ്കിലു ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ വക്കാത്തതിനാൽ ഈ കെട്ടിടം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയാത്ത സ്ഥിതിയാണ്. 30.9.20 പ്രവൃത്ത ഈ കെട്ടിടത്തിന് അടുത്ത വർഷത്തിൽ (2021-22) വൈദ്യുതീകരണത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടില്ലെന്ന് 2021-22 വർഷത്തിൽ അംഗീകാരത പ്രോജക്ടുകളുടെ ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT E /26.7.21) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ പ്ലംബിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അംഗനവാടിയിലേക്ക് വെള്ളം ലഭിക്കുന്ന പൈപ്പ് ലൈൻ കണക്ഷനോ ഇല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ വീഴ്ച കാരണമാണ് കെട്ടിത്തിന് നിലവിലും വൈദ്യുതി ലഭിക്കാത്ത അവസ്ഥയു ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിടം വൈദ്യുതീകരിക്കുന്നതിനും വെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് തുടർനടപടി സ്വീകര അറിയിക്കേണ്ടതാണ്.

## 1-20 കാട്ടാട്ടുപാറ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ -അളവ് പുസ്തകപ്രകാരമുള്ള അളവ് ചെയ്തില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രൊജക്ട് നം : 174/21

അടങ്കൽ : 2,50,000

ഫണ്ട് : തനത് ഫണ്ട്

ചെലവ് : 2,24,318

ചെക്ക് നമ്പർ - 0866595/9.9.20

കരാർ നം : AE/LSGD/EDKD/56/19-20 തീയ്യതി.21.1.20 (Estimate Rate)

എംബുക്ക് നം: 87/17-18

DSOR : 2016 Coi.31.06%

കരാറുകാരൻ : മുഹമ്മദ് സാലിഹ്.VK

കുട്ടാട്ടുപാറ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ എന്ന മേൽ പ്രവൃത്തി അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 23.7.21 ന് നേരിൽ അളവ് പുസ്തകം ഇനം 1 പ്രകാരം 358.3 മീറ്റർ നീളത്തിൽ 65 Mm Nominal Dia GI പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ആയതിന് അടിയിൽ സപ്പോർട്ട് കൊടു കോൺക്രീറ്റ് ബ്ലോക്കുകൾ കൊടുത്തതിന് ഇനം 3 പ്രകാരം 3340.06 (13.14 M2x254.19/M2) രൂപ അനുവദിക്കുകയും ഇതിന് ഷട്ടറിംഗ് ചെയ്തതിന് ഇ 11315.81 (1.575m3x7184.64/M3) രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ സ്ഥലപരിശോധനയിൽ 43 കോൺക്രീറ്റ് ബ്ലോക്കുകളാണ് കണ്ടത്. മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7/26.7.21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ പരി മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്നതിനാൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

## 1-21 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃ സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിന അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്. താഴെ പറയുന്ന പ്രവൃത്തികളിൽ സാ കത്തിൽ പ്രവൃത്തി കാലയളവായി പറയുന്നത് 18 Year 3 Months 31 Days എന്നാണ്. എന്നാൽ കരാർ ഉൾപ്പെടെ മറ്റ് രേഖകളിലൊന്നും ര പൂർത്തീകരണ കാലയളവ് പറഞ്ഞിട്ടില്ല. 2020-21 വർഷത്തിൽ നിർവഹിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളിലും 10 മാസ കാലയളവാണ് പൂർത്തീക അനുവദിച്ചിട്ടുള്ളത്. 10 മാസ കാലയളവിന് ശേഷമാണ് താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തികളിൽ നിന്നും നിയമാനു ഈടാക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | റിമാർക്സ് |
|---|---|---|---|---|
| തെക്കേക്കുണ്ട് തീരദേശം റോഡ് റീടാറിംഗ് (SO 127/21)<br>ഫണ്ട് - MG (R)<br>ബിൽ നം. - 1/20.4.20 (98928)<br>PAC- 98928<br>മൂല്യ നിർണ്ണയം - 98928<br>അളവ് പുസ്തകം 32/17-18<br>കരാറുകാരൻ -A. ഗോപാലൻ<br>കരാർ. 01/21.4.18<br>TS-1,10,000 | 21.4.18 | 18 Year 3 Months 31 Days<br>(കാണിച്ചത്) | 12.11.19 | കരാർ ചമച്ച് 1 വർഷം 6 മാസം 21 ദിവസം ആയപ്പോഴാണ് പ്രവൃത്തി പൂർത്തിയായത്. |
| | | | | |

| | | | | | |
|---|---|---|---|---|---|
| | മമ്മൂട്ടി ഹാജിപ്പടി റോഡ് റീടാറിംഗ് (SO 196/20)<br>ഫണ്ട് - MG (R)<br>ബിൽ നം. - 2/20.4.20 (89272)<br>PAC- 89272<br>മൂല്യ നിർണ്ണയം - 89272<br>അളവ് പുസ്തകം 31/18-19<br>കരാറുകാരൻ -A. ഗോപാലൻ<br>കരാർ. 03/21.4.18<br>TS-1,10,000 | 21.4.18 | 18 Year 2 Months 28 Days<br>(കാണിച്ചത്) | 12.11.19 | കരാർ ചമച്ച് 1 വർഷം 6 മാസം 21 ദിവസം ആയപ്പോഴാണ് പ്രവൃത്തി പൂർത്തിയായത്. |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ( റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർ രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ ന സാധ്യമല്ലാതാകുന്നു.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്യ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയ സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ

5. പ്രവൃത്തിയുടെ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6. പ്രവൃത്തികളുടെ വലിപ്പ ചെറുപ്പവും അടങ്കൽ എന്നിവ പരിഗണിക്കാതെ എല്ലാ പ്രവൃത്തികൾക്കും 10 മാസ കാലയളവ് പൂർത്തീകരണത്തിനായി ന

7. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലത്ത് വക്കുന്നില്ല. എസ്റ്റിമേറ്റിൽ സൈറ്റ് ബേ വകയിരുത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽ അന്വേഷണത്തിന് (AUDIT ENQUIRY No. 11 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക

## 1-23 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത് കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/L ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയും ഇ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 9 /26.7.21) മറുപടി ( ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 2020-21വർഷത്തിൽ 1,75,372 രൂപ കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിട്ട ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളിലൊഴികെ മറ്റ് ഫണ്ടുകള പ്രവൃത്തികളിൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ENQUIRY No. 10 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 പൊതു മരാമത്ത് പ്രവൃത്തികൾ-രൂപീകരണത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 105 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉ തയ്യാറാക്കിയത്. ഇതിൽ 92 പ്രൊജക്ടുകളിലായി ആകെ 1,75,37,278 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 131 | ആകെ അടങ്കൽ | 2,15,42,965 |
| നടപ്പിലാക്കിയത് | 81 | ചെലവ് | 1,75,37,278 |
| ശതമാനം | 61.83 | ചെലവ് ശതമാനം | 81.40% |

മേൽ പദ്ധതികളിൽ 48 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. സ്പിൽ ഓവർ പ്രവൃത്തികളെല്ലാം തന്നെ തൻവർഷത്തിൽ നിർവഹിക്കാൻ സ അഭിനന്ദനാർഹമാണ്. ഒരു അസിസ്റ്റന്റ് എഞ്ചിനിയർ (അസി.എഞ്ചിനീയർക്ക് മറ്റൊരു ഗ്രാമ പഞ്ചായത്തിന്റെ ചാർജ് കൂടി ഉണ്ടായിരുന്നു), രണ്ട് ഓ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ശ്രമിക്കേണ്ടതാണ്.

I.I)പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് - കാര്യക്ഷമമല്ല

തൻ വർഷം നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പഠനം നടത്തി ശുപാർശ ചെയ്യുകയും പദ്ധതി നിർദ്ദേശങ്ങൾ ക്രോഢ ചെയ്യേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 14.1.2020 ,29.1.2020 എന്നീ തിയതികളിൽ യോഗം ചേർന്നെങ്കിലും ഏതാനും നിർദേശങ്ങൾ മാത്രമ വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തലുകൾ കാണുന്നത്. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തമില്ലാതെ പ്രൊജക്ട് നിർദ്ദേശങ്ങൾ വന്നത്, പരിശോധന നടത്തിയത്, പ്രൊജക്ടുകൾ തയ്യാറാക്കിയ എങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.

III.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാ ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും ശ്രദ്ധിക്കേണ്ടതാണ്.

V)രജിസ്റ്ററുകളുടെ പരിപാലനം

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12 /26.7.21) മറുപടി ലഭ്യമാക്ക റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 പാർപ്പിടം വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തിയാക്കിയില്ല.

പ്രോജക്ട് : 117/21,പാർപ്പിടം വാസയോഗ്യമാക്കൽ

നിർവ്വഹണം: വി.ഇ.ഒ.

വൗച്ചറുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പ്രസ്തുത പ്രോജക്ട് പ്രകാരം മുൻകൂർ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി അവസാന ഗഡു കൈപ്പറ്റിയ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നം | പേര് | ബിൽ നം./ തീ | ബിൽ തുക | ഫണ്ട് | ഗുണഭോക്താവിന് നൽകിയ തുക |
|---|---|---|---|---|---|
| 1 | ശ്രീ.താമി,S/O നീലാണ്ടൻ, പോൽത്തരൻ(H), വാർഡ്13 | 06/06.02.21 | 50000 | വികസന ഫണ്ട് (എസ്.സി.പി) | 25000 |
| 2 | ശ്രീ.കൃഷ്ണൻ കുട്ടി, S/O | 07/15.02.21 | 25000 | | 25000 |

| | | | | | |
|---|---|---|---|---|---|
| | കോത, പോൽത്തരൻ(H), വാർഡ്13 | | | | |
| 3 | ശ്രീമതി.ശാരദ, W/Oഅയ്യപ്പൻ, കാട്ടുകത്ത്(H),വാർഡ്13 | 09/14.03.21 | 25000 | | 25000 |
| | ആകെ | | | | 75000 |

ടി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കേണ്ടതിന് ഓഡി (നം.14/26.7.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 നോവപ്പടി സ്റ്റേഡിയം അഭിവൃദ്ധിപ്പെടുത്തൽ - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 46515 രൂപ

പ്രൊജക്ട് നം : 207/20

അടങ്കൽ : 4,90,000

ഫണ്ട് : സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)

ചെലവ് : 3,47,985

ബിൽ നമ്പർ - 34/25.9.20

കരാർ നം : AE/LSGD/EDKD/85/18-19 തീയ്യതി.30.11.18 (Estimate Rate)

എംബുക്ക് നം: 139/17-18

DSOR : 2016 Coi.37.25%

കരാറുകാരൻ : അബ്ദുൽ ലത്തീഫ്.ഒ.ടി

മേൽ പ്രവൃത്തി അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 23.7.21 ന് നേരിൽ പരിശോധിച്ചു. സ്റ്റേഡിയത്തിന് സമീപത്തുള്ള കുറച്ച് വീടുക തെറിക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ടി സ്റ്റേഡിയത്തിന് ചുറ്റുമുള്ള കുറച്ചു ഭാഗത്ത് പന്ത് പുറത്തേക്ക് പോവുന്നത് തടയുന്നതിന് സ്ക്വയർ പൈപ്പ് ഫ്രെ ഉള്ളിൽ MS റോഡ് ഉപയോഗിച്ച് നെറ്റ് കെട്ടിയിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 9 പ്രകാരം MSസ്ക്വയർ പൈപ്പ് ഉപയോഗിച്ച് ഫ്രെയിം ഉണ്ടാക്കി ഉള്ള ഉപയോഗിച്ച് നെറ്റ് കെട്ടിയതിന് DSR Code 9.48.1 ഇനം പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് (അളവ് പുസ്ത

1812.02 Kg X 143.63/Kg = 260260.43

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ഒ ഗ്രൗണ്ടിന് ചുറ്റ ഭാഗത്തായി സ്ക്വയർ പൈപ്പ് ഫ്രെയിമിനകത്ത് ഗാർഡ് ബാറാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇതിൽ 6 Mm MS റോഡ് ഉപയോഗിച്ചുള്ള പ്രവർത്തികളാണ് നടന്നിട്ടുള്ളത്. കൂടാതെ സ്ക്വയർ പൈപ്പ് ഉപയോഗിച്ച് ഗേറ്റും ഉണ്ടാക്കിയിട്ടുണ്ട്. Grating, Guard Bar, Railing, Gate പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . ആയതിനാൽ ഇനം 9 ന് അനുവദിക്കാവുന്ന നിരക്ക് DSR Code 10.25.2 പ്രകാരമുള ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

1812.02 X 117.96/Kg = 213745.87

കരാറുകാരന് അധികം അനുവദിച്ചത് = 46515 ( 260260.43 - 213745.87)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 5 /26.7.21) മറുപടി ലഭ്യമാക്കിയില്ല. ( അധികമായി അനുവദിച്ച 46515 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ ന അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 17.07.2021 മുതൽ 26.07.2021 വരെ | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് ,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 100000 | 35/21,അനുപൂരക പോഷകാഹാരം | 100000 | 0 |
| | 200000 | 97/21,പരിരക്ഷ | 145176 | 54824 |
| | 630000 | 146/21,പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | 43177 | 586823 |
| ബ്ലോക്ക് പഞ്ചായത്ത് | 720000 | 37/21,നെൽകൃഷി കൂലിചെലവ് | 720000 | 0 |
| ജില്ലാ പഞ്ചായത്ത് | 340000 | | 340000 | |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 20/21,ലൈഫ് ഭവന രഹിതർക്ക് ഭൂമി വാങ്ങൽ | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 500000 | | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 461500 | 108/21, ഭിന്ന ശേഷി സ്കോളർഷിപ്പ് | 461500 | 0 |
| ജില്ലാ പഞ്ചായത്ത് | 461500 | | 461500 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബില്ല്/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 230/21, ഇലക്ട്രിസിറ്റി പോസ്റ്റ് ഷിഫ്റ്റിംഗ് | 018311/ 03.11.2020 | 448400 | | വിവരം ലഭ്യമാക്കിയിട്ടില്ല | |
| കെ.എസ്. ഇ.ബി | 177/21, സ്ട്രീറ്റ് മെയിൻ മീറ്ററിംഗ് | 2530232/ 23.3.21 | 37842 | | | |
| ജി.ഡബ്യൃ. ഡി | 229/21,കുറുക കുടിവെള്ള പദ്ധതി, കുഴൽ കിണർ | NEFT | 48626 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | | 1908930 | 204784 | 0 | 1704146 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 2500000 |
| ആകെ | 2500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | തുക |
|---|---|
| എടരിക്കോട് സർവ്വീസ് സഹകരണ ബാങ്ക് | 2500000 |
| ആകെ | 2500000 |

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആ… ലഭ്യ… തുക… |
|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | |
| 1 | 1997-98 | 48 | പി.ചന്ദ്രശേഖരൻ, സെക്രട്ടറി | LF 6537/ Spl.Cell/SC1/2000 17.9.01/12.11.01 | 8800/- | Rs.6496 (29843/54/Dt.12.5.06) Rs.2166 ( 29846/20/Dt.17.06.06) Rs.2166 (29846/58/Dt.12.07.06) Rs.2166 (29846/89/Dt.22.7.06) ആകെ 12994 (നഷ്ട തുക 8800 രൂപയും പലിശയും) | -- | -- | -- | 129… |
| 1 | 2002-03 | 3 | ശ്രീ.കെ.എം കുഞ്ഞിമൊയ്തീൻ | LF 2993/Spl.Cell/SC5/04/26.8.04 | 921/- | 921 (Rt 33676/43/ Dt 31.1.2011) | -- | -- | -- | 9… |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോ… ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3(8) | 2007-08 | 3.8 | ക്ലാരി ഗവ. എൽ പി സ്കൂൾ ഏറ്റെടുക്കുന്നതിന് കളക്ടറുടെ Valuation പുറമേ 30% തുക അധികം നൽകിയത് (സൊലേഷ്യം) | നടപടികൾ തുടരുന്നു |
| 2011-12,12-13 | | 2014-15 | 4(1)(A) | നിഷ്ക്രിയ ആസ്തികൾ അവലോകനം | |
| 2014-15 | 2-(1),2(3) 2(4) | 2016-17 | | | |
| 2017-18 | 2(1) | 2018-19 | 1-VIII(5) | ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62395834 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58800573 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 46515 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8482 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 46515 | ശ്രീ. മുജീബ് റഹ്മാൻ പി എം, അസിസ്റ്റന്റ് എഞ്ചിനീയർ(23257.5) സുൽഫിക്കർ, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ(23257.5) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 8482 | ഡോ.ഷിജ, മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| ആകെ | 8482 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുജീബ് റഹ്മാൻ പി എം,അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, എടരിക്കോട് | പിച്ചേൻമടത്തിൽ വീട്, വെസ്റ്റ് കോഡൂർ, മലപ്പുറം |
| സുൽഫിക്കർ,അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | നാലകത്ത് (H) വെസ്റ്റ് കോഡൂർ, കോഡൂർ (PO)മലപ്പുറം |
| | | |

| | | | |
|---|---|---|---|
| | ഡോ.ഷിജ, മെഡിക്കൽ ഓഫീസർ (ആരോഗ്യം) | മെഡിക്കൽ ഓഫീസർ (ആരോഗ്യം),എടരിക്കോട്. | പരവേങ്ങൽ വീട്, പൊൻമള(പി.ഒ), 676528, മലപ്പുറം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1999-2000 | എൽ എഫ് എം.15/230/02 തിയ്യതി 25.08.10 | 4 |
| 2 | 2000-01 | എൽ എഫ് എം.17/209/02 തിയ്യതി 25.08.10 | 8 |
| 3 | 2002-03 | എൽ എഫ് എം.13/970/04 തിയ്യതി 20.08.10 | 5 |
| 4 | 2003-04 | എൽ എഫ് എം.17/510/05 തിയ്യതി 25.08.10 | 5 |
| 5 | 2004-05 | എൽ എഫ് എം.10/1958/06 തിയ്യതി 25.08.10 | 1 |
| 6 | 2005-06 | എൽ എഫ് എം.10/1959/07 തിയ്യതി 25.08.10 | 15 |
| 7 | 2006-07 | എൽ എഫ് എം.10/590/09 തിയ്യതി 25.08.10 | 10 |
| 8 | 2007-08 | എൽ എഫ് എം.14/773/12 തിയ്യതി 28.09.12 | 7 |
| 9 | 2008-09 | എൽ എഫ് എം.14/774/12 തിയ്യതി 28.09.12 | 12 |
| 10 | 2009-10 | എൽ എഫ് എം.14/775/12 തിയ്യതി 28.09.12 | 12 |
| 11 | 2010-11 | എൽ എഫ് എം.14/1207/13 തിയ്യതി 06-12-2013 | 7 |
| 12 | 2011-12,12-13 | എൽ എഫ് എം.14/3342/14 തിയ്യതി 14.07.15 | 10 |
| 13 | 2013-14,14-15 | കെ എസ് എ എം പി എം 14/2010/16 തിയ്യതി 16-10-2018 | 12 |
| 14 | 2015-16 | കെ എസ് എ എം പി എം 14/3251/16 തിയ്യതി 19-02-2018 | 13 |
| 15 | 2016-17 | കെ എസ് എ എം പി എം14/1341 /2017 തിയ്യതി 18-11-2020 | 17 |
| 16 | 2017-18 | കെ എസ് എ എം പി എം14/2414/18 തിയ്യതി 25-03-2019 | 19 |
| 17 | 2018-19 | കെ എസ് എ എം പി എം14/1837/19 തിയ്യതി 05.08.2019 | 22 |
| 18 | 2019-20 | കെ എസ് എ എം പി എം14/1159/2021 തിയ്യതി 24.08.2021 | 26 |

ഡെം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്